"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് വടക്കന്തറ മൂത്താന്തറ കർണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിലെ ക്ളർക്ക് ശ്രീ.ഹരി വി. സമർപ്പിച്ച റിവിഷൻ ഹർജി അനുവദിച്ചുകൊണ്ടും - **WP(C) 12258/2025**-നമ്പർ കേസിന്റെ **07/08/2025** ലെ വിധിന്യായം പാലിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.7508/2025/GEDN** തീയതി,തിരുവനന്തപുരം, **26-09-2025**

---

പരാമർശം:-

1. പാലക്കാട് വടക്കന്തറ മൂത്താൻതറ കർണകയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ മാനേജറുടെ **22.03.2025** ലെ **P/664/2025** നമ്പർ നടപടി ഉത്തരവ്
2. ശ്രീ.ഹരി.വി സർക്കാരിൽ സമർപ്പിച്ച **29/07/2025** ലെ റിവിഷൻ ഹർജി
3. **WP(C) 12258/2025**-നമ്പർ കേസിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ **07/08/2025** തീയതിയിലെ വിധിന്യായം
4. ശ്രീ.ഹരി.വി സമർപ്പിച്ച **26/08/2025,13/09/2025** എന്നീ തീയതികളിലെ ഹിയറിംഗ് കുറിപ്പുകൾ
5. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **28/08/2025** തീയതിയിലെ ഡിഇഒപികെഡി/**148/2025**-ബി6 നമ്പർ റിപ്പോർട്ട്
6. മുൻ മാനേജർ ശ്രീ.യു.കൈലാസ മണി സമർപ്പിച്ച **28/08/2025** ലെ ഹിയറിംഗ് കുറിപ്പുകൾ
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **01/09/2025** തീയതിയിലെ ഡിജിഇ/**6749/2025**-വിഎ5 നമ്പർ റിപ്പോർട്ട്

# ഉത്തരവ്

പാലക്കാട് വടക്കന്തറ മൂത്താൻതറ കർണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിലെ ക്ളർക്ക് ശ്രീ.ഹരി വി. ടിയാനെ വേല വിലക്കിയ പരാമർശം (1) ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.12258/2025- ലെ പരാമർശം (3) വിധിന്യായ പ്രകാരം, ടിയാൻ സർക്കാരിൽ സമർപ്പിച്ച പരാമർശം (2) റിവിഷൻ ഹർജി, ഹർജിക്കാരനെയും 5,6 എതിർ കക്ഷികളെയും നേരിൽകേട്ട് വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനകം തീർപ്പാക്കുന്നതിന് ഉത്തരവായിരുന്നു.

2. മേൽ വിധിന്യായപ്രകാരം അപേക്ഷകനായ ശ്രീ.ഹരി, മാനേജർ, ശ്രീ. കൈലാസമണി (ആറാം എതിർ കക്ഷി) എന്നിവരെ 01/09/2025 നു online മുഖേന പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി, ശ്രീ.ഹരി, ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ Adv.U. ബാലഗംഗാധരൻ എന്നിവരും ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി.

3. ഹർജിക്കാരന്റെ വാദഗതികൾ ഇപ്രകാരമാണ്.

2015 മുതലാണ് മുൻ മാനേജർ ശ്രീ.യു.കൈലാസമണി ശ്രീ.ഹരിയെ വ്യക്തിപരമായും,മാനസികമായും പീഡിപ്പിക്കാൻ തുടങ്ങിയത്. അന്നത്തെ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന ശ്രീമതി. എം.കൃഷ്ണവേണി ടീച്ചറെക്കൊണ്ട് പല പ്രാവശ്യം ടിയാനെതിരെ നോട്ടീസ് നൽകുവാൻ മാനേജർ പ്രേരിപ്പിച്ചിരുന്നു. എന്നാൽ അതൊന്നും തന്നെ അന്ന് സാധിച്ചിരുന്നില്ല. പിന്നീട് 31.05.2022 ന് മേൽപറഞ്ഞ ഹെഡ്മിസ്ട്രസ്സ് വിരമിക്കുകയും, ശ്രീമതി ആർ.ലത (മാനേജറുടെ ഭാര്യ) ഹെഡ്മിസ്ട്രസ്സ് ആയി ചാർജ്ജ് എടുക്കുകയും ചെയ്തു. അതിനു ശേഷം പ്രസ്തുത മാനേജർ സ്കൂളിന്റെ അക്കാദമിക്ക് കാര്യങ്ങളിൽ സജീവമായി ഇടപെടുകയും, തൽക്കാരണത്താൽ അന്നു മുതൽ കക്ഷി കൂടുതൽ മാനസിക പീഡനം അനുഭവിക്കുവാനും തുടങ്ങുകയും ചെയ്തു. ടിയാനോടുള്ള ഹെഡ്മിസ്ട്രസിന്റെ സമീപനം വളരെ വേദനാജനകമായിരുന്നു. അവരുടെ സംസാരത്തിലും പെരുമാറ്റത്തിലും ഇത് പ്രകടമായിരുന്നു. ടിയാൻ പലപ്പോഴും ഹെഡ്മിസ്ട്രസിനോട് ഈ കാര്യം ചോദിച്ചിട്ടുള്ളതുമാണ്. അപ്പോൾ അവർ പറഞ്ഞ മറുപടി, "ഇങ്ങനെ മാത്രമേ എനിക്ക് പെരുമാറുവാൻ പറ്റുകയുള്ളു, നിങ്ങൾക്കു വേണ്ടി

എനിക്ക് എന്റെ സ്വഭാവം മാറ്റുവാൻ സാധിക്കില്ല" എന്നാണ്. അതുപോലെ തന്നെ ഓഫീസിലെ മറ്റ് സഹപ്രവർത്തകരുടെ മുന്നിൽ വെച്ചും വളരെ മോശമായ രീതിയിലാണ് അവർ പെരുമാറിയിരുന്നത്. ഇതിനെ ചോദ്യം ചെയ്താൽ ടിയാനോട് തട്ടിക്കയറുകയും, അപമര്യാദയായി പെരുമാറിയെന്നും ആരോപിച്ചിരുന്നു. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്ത് ശ്രീ.ഹരി **01.06.2023** മുതൽ **31.12.2024** വരെ നീണ്ട അവധിയിലായിരുന്നു. **01.01.2024**-ൽ ലീവ് കഴിഞ്ഞ് ഡ്യൂട്ടിയിലേക്ക് തിരികെ പ്രവേശിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ **03.01.2024**-ന് ഹെഡ്മിസ്ട്രസ് മനഃപൂർവ്വം ഒരു കാരണം ഉണ്ടാക്കുവാൻ വേണ്ടി ടിയാനെ പ്രകോപിപ്പിക്കുവാൻ വന്നു. ഒരു ടീച്ചറുടെ ഗ്രേഡുമായി ബന്ധപ്പെട്ടതായിരുന്നു വിഷയം. ആ കാര്യം ചെയ്യുവാൻ വേണ്ടിയുള്ള ഫോം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇതിന്റെ പേരിൽ രണ്ടുപേരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായി. ടിയാൻ മകന്റെ വിവാഹത്തിനു വേണ്ടി വീണ്ടും ലീവിൽ പ്രവേശിക്കും എന്ന കാര്യം മനസ്സിലാക്കി ഇനിയൊരു സാഹചര്യം ഉണ്ടാകില്ലെന്നു മനസ്സിലാക്കി ഈ വിഷയം മാനേജറുടെ (ഹെഡ്മിസ്ട്രസ്സ് ന്റെ ഭർത്താവ്) പക്കൽ ധരിപ്പിക്കുകയും, ഇതിനെ വലിയൊരു വിഷയമാക്കുകയും ടിയാന് ചാർജ്ജ് മെമ്മോയും നൽകി. പിന്നീട് **31/03/2024**-ന് ഹെഡ്മിസ്ട്രസ് സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. ഈ ഹെഡ്മിസ്ട്രസിന്റെ വ്യാജമായിട്ടുള്ള പരാതിയുടെ പേരിൽ മാനേജർ നിരന്തരം മാനസികമായി പീഡിപ്പിക്കുവാൻ തുടങ്ങി. ടിയാൻ ഇതിനെല്ലാം മറുപടി കൊടുക്കുകയും ചെയ്തിരുന്നു. മറുപടി തൃപ്തികരമല്ലെന്ന് പറഞ്ഞ് മാനേജർ മനഃപൂർവ്വം വീണ്ടും കത്തയക്കുവാൻ തുടങ്ങി. പിന്നീട് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് ടിയാനെതിരെ അച്ചടക്ക നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് കൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരു ഹിയറിംഗ് നടത്തുകയും, അതിൽ ഗൗരവകരമായ കുറ്റങ്ങൾ ഒന്നും തന്നെ ഇല്ലെന്ന് കണ്ടെത്തി മാനേജരുടെ പരാതി നിരസിക്കുകയും ചെയ്തു (ഉത്തരവ് നം. ജില്ലാ വിദ്യാഭ്യാസ ഓഫീസർ **PKD 1323/2024-B6 Dated 29/11/2024**) അതിൽ വളരെ വേദന ഉണ്ടാക്കിയ കാര്യം, മാനേജർ ആവശ്യപ്പെട്ടിരിക്കുന്നത്, ഒന്ന് നിശ്ചിത തസ്തികയിൽ തരംതാഴ്ത്തുക, രണ്ട് സഞ്ചിത പ്രാബല്യത്തോടെ ഇൻക്രിമെന്റ് തടയുക തുടങ്ങിയ ആവശ്യങ്ങളാണ്. മേൽപറഞ്ഞ ശിക്ഷാനടപടികൾക്ക് വിധേയമായ ഗുരുതരമായ കുറ്റങ്ങളൊന്നും ടിയാൻ ചെയ്തിട്ടില്ല. വീണ്ടും മാനേജറുടെ ഭാഗത്തു നിന്നും ജോലി സ്ഥലത്ത് വളരെ മാനസികമായ പീഡനം അനുഭവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ മാനേജറുടെയും

അദ്ദേഹത്തിന്റെ ഭാര്യയുടെയും പേരിൽ പാലക്കാട് നോർത്ത് **SHO** മുമ്പാകെ ഒരു പരാതി നൽകുകയായിരുന്നു. ആ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെ **22/03/2025** ന് മാനേജർ സസ്പെൻഡ് ചെയ്യുകയായിരുന്നു. മാത്രമല്ല, മാനേജറുടെ ഭാര്യ ശ്രീമതി. ആർ.ലത (റിട്ട.ഹെഡ്മിസ്ട്രസ്സ് ) വല്ല പരാതിയുമുണ്ടെങ്കിൽ അത് സമർപ്പിക്കേണ്ടത് നിയമപ്രകാരമുള്ള വേദികളിലാണ്. അല്ലാതെ അത്തരം കാര്യങ്ങൾ മാനേജർക്ക് (ഭർത്താവിനോട്) പരാതിപ്പെട്ട് ടിയാനെതിരെ നടപടിയെടുക്കുന്നത് തികച്ചും നിരാശാജനകവും നിയമത്തിന്റെ ദൃഷ്ടിയിൽ നിലനിൽക്കാത്തതുമാണ്. സസ്പെൻഡ് ചെയ്തതിനു ശേഷം **18/04/2025**-ന് ടി മാനേജറുടെ കാലാവധി തീരുകയും പുതിയ മാനേജർ ചാർജ്ജ് എടുക്കുകയും ചെയ്തു. മാനേജർ സ്ഥാനത്തു നിന്നും ഇറങ്ങുന്നതിന് മുൻപ് തികച്ചും മനഃപൂർവ്വമായി വ്യക്തിവിരോധം തീർക്കുന്നതിനു വേണ്ടി മാത്രമാണ് ടിയാനെതിരെ മേൽ ആരോപണങ്ങൾ നിരത്തി സസ്പെൻഡ് ചെയ്തിട്ടുള്ളത് എന്നുകൂടി താഴ്മയായി അറിയിക്കുന്നു. സസ്പെൻഷനോടനുബന്ധിച്ച് ചാർജ്ജ് മെമ്മോ നൽകുകയും, ആയതിന് മറുപടി കൊടുക്കുകയും ചെയ്തു. എന്നിട്ടും ടിയാൻ കൊടുത്ത മറുപടി തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാട്ടി പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ-ക്ക് ടിയാന്റെ പേരിൽ **Rule 75 Disciplinary action** കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകുകയുണ്ടായി. എന്നാൽ **Rule 75** പ്രതിപാദിക്കുന്നത് ഗുരുതര ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചാണ്. ടി വിഷയത്തിൽ അത്തരമൊരു അന്വേഷണം ആവശ്യമുള്ളതായി കാണുന്നില്ല. മാത്രമല്ല, മേൽവിഷയം നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും ആയതിനാൽ മാനേജറുടെ ആവശ്യം നിലവിൽ പരിഗണനാർഹമല്ല എന്ന് അറിയിക്കുന്നു എന്നാണ് മറുപടി നൽകിയത്. ശ്രീ.ഹരി നിലവിൽ **5** മാസത്തിൽ കൂടുതലായി സസ്പെൻഷനിലാണ്. മേൽപറഞ്ഞ കാര്യങ്ങൾ ബോധ്യപ്പെട്ട് ടിയാനെ ജോലിയിൽ പുനഃപ്രവേശിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

**4.** മാനേജർ, ശ്രീ.കൈലാസമണി എന്നിവർ ചുവടെ ചേർക്കുന്ന വിവരങ്ങൾ അറിയിച്ചു.

ഗുരുതരമായ കൃത്യ വിലോപം,അച്ചടക്കമില്ലായ്മ ഓഫീസ് സമയങ്ങളിൽ കൃത്യത ഇല്ലായ്മ,സ്ത്രീത്വത്തെ അപമാനിക്കൽ ,മോശമായ പദപ്രയോഗങ്ങൾ നടത്തി അപമാനിക്കൽ തുടങ്ങിയ നിരവധി കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ശ്രീ.വി.ഹരിയെ സർവ്വീസിൽ നിന്നും വേലവിലക്കി ഉത്തരവിറക്കിയതും ആയത്

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായതും. ആയതിനാൽ ടിയാനെതിരെ നൽകിയ കുറ്റപത്രത്തിന്റെയും കുറ്റാരോപണ പത്രികയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിക്ഷ തീരുമാനിക്കുന്നതു വരെ ടിയാന്റെ വേല വിലക്ക് തുടരണമെന്നു അഭ്യർത്ഥിച്ചു. പ്രതികാര ബുദ്ധിയോടെ പ്രവർത്തിച്ചിട്ടുള്ള ശ്രീ.വി.ഹരി നിലവിലുള്ള സസ്പെൻഷന് ആധാരമായ കാരണങ്ങളിൽ ബന്ധമുണ്ടെന്നുള്ള ധാരണയിൽ അവർക്കെതിരെ പ്രവർത്തിക്കുന്നതിനും ഓഫീസ് രേഖകളും സർവീസ് ബുക്കുകളും മറ്റും **tamper** ചെയ്യുന്നതിനും സാധ്യതയുണ്ട്. ആയതു കൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിക്ഷാ നടപടികളുടെ ഭാഗമായ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ഹരിയുടെ വേലവിലക്ക് തുടരണമെന്നും അഭ്യർത്ഥിച്ചു.

**5.** പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ അറിയിച്ചു.

ശ്രീ.ഹരിയ്ക്കെതിരെ നൽകിയ കുറ്റപത്രത്തിനും കറ്റാരോപണ പത്രികയ്ക്കും ഹരി നൽകിയ മറുപടി തൃപ്തികരമല്ലായെന്നും ജില്ലാവിദ്യാഭ്യാസ ഓഫീസർ റൂൾ **75** പ്രകാരം അന്വേഷണം നടത്തണമെന്നും കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ റൂൾ **75** പ്രതിപാദിക്കുന്നത് ഗുരുതര ശിക്ഷ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചാണ്. ടി വിഷയത്തിൽ അത്തരമൊരു അന്വേഷണം ആവശ്യമുള്ളതായി കാണുന്നില്ല എന്നും കൂടാതെ പ്രസ്തുത വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലായതിനാൽ ടി ആവശ്യം നിലവിൽ പരിഗണനാർഹമല്ല എന്നും മാനേജരെ അറിയിച്ചിട്ടുണ്ട്. ശ്രീ.ഹരിയെ സർവീസിൽ പുനഃപ്രവേശിപ്പിക്കുന്നതിൽ അനുകൂല അഭിപ്രായമാണ് അറിയിച്ചിട്ടുള്ളത്.

**6.**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂളിന്റെ സുഗമമായനടത്തിപ്പിന് മാനേജർ , പ്രധാനാധ്യാപിക ,അധ്യാപകർ ,അനധ്യാപകർ എന്നിവരുടെ കൂട്ടുത്തരവാദിത്വത്തോടെയുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. പരാതിക്കാരിയായ ശ്രീമതി. ലത.ആർ **2024** മാർച്ച് **31** നു സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. തസ്തികയിൽ നിന്നും തരംതാഴ്ത്തുക, സഞ്ചിത ഫല പ്രാബല്യത്തോടെയുള്ള ഇൻക്രിമെന്റ് തടയുക തുടങ്ങിയ ഗുരുതരമായ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തക്കതായ

കുറ്റകൃത്യങ്ങൾ ശ്രീ.ഹരിയുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണുന്നില്ല. ശ്രീ.ഹരിയ്ക്കെതിരെ നൽകിയ കുറ്റപത്രത്തിനും കുറ്റാരോപണ പത്രികയ്ക്കും ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ലായെന്നും ജില്ലാവിദ്യാഭ്യാസ ഓഫീസർ റൂൾ **75** പ്രകാരം അന്വേഷണം നടത്തണമെന്നും കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെട്ടിരുന്നു എന്നാൽ റൂൾ **75** പ്രതിപാദിക്കുന്നത് ഗുരുതര ശിക്ഷ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചാണ്. ടി വിഷയത്തിൽ അത്തരമൊരു അന്വേഷണം ആവശ്യമുള്ളതായി കാണുന്നില്ല. ആയതിനാൽ തന്നെ അപേക്ഷകനെ **suspension** ൽ നിർത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. കൂടാതെ അപേക്ഷകന്റെ **suspension** കാലയളവ് **6** മാസം അധികരിച്ചിട്ടുണ്ട്.

**7.** മേൽ സാഹചര്യത്തിൽ പാലക്കാട് വടക്കന്തറ മൂത്തൻതറ കർണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിലെ ക്ളർക്ക് ശ്രീ.ഹരി.വി ടിയാനെ വേല വിലക്കിയ പരാമർശം **(1)** ഉത്തരവിനെതിരെ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാമർശം **(2)** റിവിഷൻ ഹർജി **[Ext P-9]** പരിഗണിച്ച് ടിയാനെ അടിയന്തരമായി സർവീസിൽ തിരികെ പ്രവേശിപ്പിക്കാൻ കോർപ്പറേറ്റ് മാനേജർക്ക് നിർദ്ദേശം നല്കിക്കൊണ്ടും അപ്രകാരം ശ്രീ.ഹരി വി. ഫയൽ ചെയ്ത റിട്ട് ഹർജി നം.**12258/2025**-യിലെ പരാമർശം **(3)** വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിന്ദു ആർ ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ഹരി വി., **8/797**, റോസ് ഗാർഡൻ, പിരായിരി, പാലക്കാട്-**678 012(vhari4000@gmail.com)**
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
കോർപ്പറേറ്റ് മാനേജർ, കർണകിയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ, മൂത്തന്തറ, വടക്കന്തറ, കർണ്ണകിയമ്മൻ എഡ്യൂക്കേഷനൽ സൊസൈറ്റി, കർണ്ണകി നഗർ, പാലക്കാട്-**678 012(knatarajan461@gmail.com)**
ശ്രീ.കൈലാസ മണി യു., ദ്വാരക നഗർ, ശിവജി റോഡ്, വടക്കന്തറ പി.ഒ., മൂത്തന്തറ, പാലക്കാട്-**678 012(kailasmani10@gmail.com)**
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 29-09-2025 15:29:12

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.